പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 262 | 04/06/2018-ൽ മറുപടിക്ക്

**സുരക്ഷിത രക്തദാനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ഉബൈദുള്ള**<br>**ശ്രീ.സി.മമ്മൂട്ടി**<br>**ഡോ.എം. കെ. മുനീർ**<br>**ശ്രീ.എം.ഉമ്മർ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | റീജിയണൽ ക്യാൻസർ സെന്ററിൽ നിന്നും രക്തം സ്വീകരിച്ചവർക്ക് എച്ച്.ഐ.വി. ബാധയുണ്ടായതായ സംഭവങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) | ഇത്തരത്തിൽ ഒരു ആരോപണം ഉണ്ടായിട്ടുണ്ട്. |
| ബി) | രക്തദാനം സുരക്ഷിതമാക്കുവാൻ ന്യൂക്ലിക് ആസിഡ് ടെസ്റ്റ് നിർബന്ധമാക്കണമെന്ന നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ; | ബി) | രക്തബാങ്കുകളിൽ ന്യൂക്ലിക് ആസിഡ് ടെസ്റ്റിന് തത്തുല്യമായി കുറഞ്ഞ ജാലകവേളയിൽ തന്നെ എച്ച്.ഐ.വി അണുബാധ കണ്ടെത്താവുന്ന നാലാംതലമുറ എലീസാകിറ്റുകൾ ഉപയോഗിക്കുവാനുള്ള നിർദ്ദേശം എല്ലാ രക്തബാങ്കുകൾക്കും നൽകിയിട്ടുണ്ട്. |
| സി) | ക്യാൻസർ ചികിത്സാ രംഗത്തെ അഭിമാന സ്ഥാപനമായ ആർ. സി.സി.യുടെ വിശ്വാസ്യത നിലനിർത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | സി) | ആർ.സി.സിയുടെ വിശ്വാസ്യത നഷ്ടപ്പെട്ടിട്ടില്ല. ആധുനിക ചികിത്സാ സൗകര്യങ്ങളും മികച്ച സേവനങ്ങൾ നൽകുന്നതും തുടർന്നു വരുന്നു. |

സെക്ഷൻ ഓഫീസർ